പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 944 20.3.2013 ലെ മറുപടിക്ക്

## പട്ടികജാതി കുടുംബങ്ങളുടെ ജീവിതനിലവാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)അവശത അനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ കണക്കുകൾ ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ദുർബല ജനവിഭാഗങ്ങളുടെ കുടുംബങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു. |

പട്ടികജാതിയിൽപ്പെട്ട ദുർബല വിഭാഗങ്ങൾ

| ക്രമ നം. | സമുദായം | കുടുംബങ്ങൾ |
|---|---|---|
| 1 | ചക്ലിയൻ /അരുന്ധതിയാർ | 5419 |
| 2 | വേടൻ | 4261 |
| 3 | വേട്ടുവൻ | 10853 |
| 4 | നായാടി | 490 |
| 5 | കള്ളാടി | 4690 |
| **ആകെ** | | **25713** |

| | | |
|---|---|---|
| (ബി)ഇത്തരം കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനു മുൻഗണന നൽകിക്കൊണ്ട് പട്ടികജാതിക്കാർക്കായി പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന നായാടി, വേടൻ, വേട്ടുവൻ, കള്ളാടി അരുന്ധതിയാർ/ ചക്ലിയൻ എന്നിവർക്കുവേണ്ടി വിവിധ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഭൂമി വാങ്ങി വീടു വെയ്ക്കുന്നതിനായി 5 സെന്റ് ഭൂമിയ്ക്ക് 2.50 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപയും ഉൾപ്പെടെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി 4.50 ലക്ഷം രൂപ അനുവദിക്കുന്നു. പ്രസ്തുത പദ്ധതി |

| | | |
|---|---|---|
| | | പ്രകാരമുള്ള ധനസഹായം 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. 2007-08 മുതൽ വീടനുവദിച്ചു നൽകിയ വർഷം വരെ ആനുപാതികമായ തുക വർദ്ധനവ് അനുവദിക്കുന്നു. കൂടാതെ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം, ടോയ്‌ലറ്റ്, ചികിത്സ, വിദ്യാഭ്യാസം തുടങ്ങി പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള പദ്ധതികളും പുനരധിവാസ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. 2012-13 സാമ്പത്തിക വർഷം ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയ്ക്ക് 500 ലക്ഷം രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. |
| (സി)പ്രസ്തുത ലക്ഷ്യം മുൻനിർത്തി 2013-14 സാമ്പത്തികവർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | 2013-14 സാമ്പത്തിക വർഷം 15 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലുണ്ട്. 5 സെന്റ് ഭൂമി വാങ്ങുന്നതിന് 2.50 ലക്ഷം രൂപയും വീട് നിർമ്മാണത്തിന് 3.50 ലക്ഷം രൂപയും കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം റോഡ്, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം, ചികിത്സ- എന്നിവയ്ക്കുമായാണ് നടപ്പു സാമ്പത്തിക വർഷം പദ്ധതികൾ നൽകിയിട്ടുള്ളത്.<br>2013-2014 ൽ 200 കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ.